**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1867** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഹെൽത്തി കിഡ്സ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ സ്കൂളുകളിൽ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുന്നതിനുള്ള ഹെൽത്തി കിഡ്സ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാനത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.റ്റി.-യുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്.<br><br>നിലവിൽ തിരഞ്ഞെടുത്ത 55 സ്കൂളുകളിൽ ആണ് ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിൽ ഗുരുവായൂർ മണ്ഡലത്തിലെ സ്കൂളുകൾ ഉൾപ്പെടുന്നില്ല. ഈ പദ്ധതിയിൽ അടുത്ത ഘട്ടമായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും കുറഞ്ഞത് ഒരു സ്കൂളിലെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിനും ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ? | (ബി) | |

| നിയോജക മണ്ഡലം | സ്കൂൾ |
|---|---|
| ചേലക്കര | ഗവ. എൽ.പി.എസ്. ചേലക്കര |
| ഇരിങ്ങാലക്കുട | ഗവ. എൽ.പി.എസ്. നടവരമ്പ് |
| ഒല്ലൂർ | ഗവ. എൽ.പി.എസ്., പട്ടിക്കാട് |
| കുന്നംകുളം | ഗവ. എൽ.പി.എസ്., കടങ്ങോട് |
| പുതുക്കാട് | ഗവ. എൽ.പി.എസ്. മുക്കാത്തുകര |
| തൃശ്ശൂർ | ഗവ. എൽ.പി.എസ്., മറ്റത്തൂർ |

സെക്ഷൻ ഓഫീസർ